# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 19, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 350)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 2472 മുതൽ 2596 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | 2597 മുതൽ 2677 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 2678 മുതൽ 2726 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 2727 മുതൽ 2751 വരെ |
| പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 2752 മുതൽ 2821 വരെ |

<u>ഭക്ഷ്യ സുരക്ഷാ നിയമം</u>

T 2472

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷണശാലകൾ നടത്തുന്ന എത്ര വ്യാപാരികൾ ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം ഇതിനകം ലൈസൻസ് എടുത്തിട്ടുണ്ട്;

(ബി) പ്രസ്തുത നിയമം നിലവിൽ വരുന്നതിനു മുൻപ് ഭക്ഷണശാലകൾ നടത്തിവന്നിരുന്നവർ എത്രയായിരുന്നു എന്നാണ് കണക്കാക്കപ്പെട്ടിരുന്നത്; അവരിൽ എത്ര ശതമാനം പേർ പുതിയ നിയമപ്രകാരം രജിസ്ട്രേഷൻ നടത്തുകയുണ്ടായി;

(സി) ലൈസൻസോ രജിസ്ട്രേഷനോ എടുക്കുന്നതിലുണ്ടായ കബളിപ്പിക്കലുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ ലഭിച്ച പരാതികൾ എത്രയെന്നറിയിക്കാമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006

2473

പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി. റ്റി. എ. റഹീം
,, കെ. വി. അബ്ദുൾ ഖാദർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006 പ്രകാരം സംസ്ഥാനത്തെ ഭക്ഷ്യവസ്തുക്കൾ വില്ക്കുന്നവരെല്ലാം അതിനായി ലൈസൻസ് എടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത് പാലിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ലൈസൻസില്ലാതെയും ശുചിത്വം പാലിക്കാതെയും നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; ഏതെങ്കിലും കേസ് കോടതിയിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്പോഴും ഗുണനിലവാരം കുറഞ്ഞതും ഭക്ഷ്യയോഗ്യമല്ലാത്തതുമായ ആഹാരപദാർത്ഥങ്ങൾ വ്യാപകമായി ഹോട്ടലുകളിൽ വിളമ്പുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കാൻ എന്ത് അടിയന്തര നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

ഭക്ഷ്യസുരക്ഷാ ഗുണനിലവാര റഗുലേഷൻ
2011 പ്രകാരം നിബന്ധനകൾ

T 2474 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എസ്. ശർമ്മ
,, റ്റി. വി. രാജേഷ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ ഗുണനിലവാര റഗുലേഷൻ 2011 പ്രകാരം നിബന്ധനകൾ ഭക്ഷണശാലകൾ നടത്തുന്നവർ സംസ്ഥാനത്ത് പാലിക്കുന്നുണ്ടോ ;

(ബി) ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന ഫുഡ്സേഫ്റ്റി കമ്മീഷണറുടെ വിലയിരുത്തലുകൾ വെളിപ്പെടുത്തുമോ ;

(സി) നിബന്ധനകൾ പാലിക്കാത്ത എത്ര ഹോട്ടലുകൾ/കാന്റീനുകൾ/മറ്റ് ഭക്ഷണശാലകൾ അടച്ചു പൂട്ടുകയുണ്ടായി ; എത്ര സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തുകയുണ്ടായി ;എത്ര കേസുകളിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു ;

(ഡി) സംസ്ഥാനത്ത് നിലവിൽ എത്ര ഹോട്ടലുകൾ/കാന്റീനുകൾ/മറ്റ് ഭക്ഷണശാലകൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയിൽ എത്ര പേർ നിയമാനുസൃതമുള്ള ലൈസൻസും രജിസ്ട്രേഷനും എടുത്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം</u>

2475 ശ്രീ. ഇ. പി. ജയരാജൻ
'' എളമരം കരീം
'' ബി. ഡി. ദേവസ്സി
'' റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുവാനായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് സമർപ്പിച്ച ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്;

(ബി) അംഗീകാരം ലഭിച്ച പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പൊതുജനാരോഗ്യ നിയമം</u>

2476 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ നിയമം നിർമ്മിക്കണമെന്ന് ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ഭക്ഷണ പദാർത്ഥങ്ങളിലും മറ്റും വ്യാപകമായി മായം ചേർക്കുന്നത് തടയുന്നതരത്തിലുള്ള ഒരു നിയമം നിർമ്മിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ഇ-ഹെൽത്ത് പദ്ധതി</u>

2477 ശ്രീ. കെ. മുരളീധരൻ
,, ജോസഫ് വാഴക്കൻ
,, ഐ. സി. ബാലകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കാൻ തയ്യാറെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദീകരിക്കുമോ; ഏതെല്ലാം ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>മെൻൽ ഹെൽത്ത് റൂൾസ്</u>

2478 ശ്രീ. എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെന്റൽ ഹെൽത്ത് റൂൾസ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മാനസിക അസ്വാസ്ഥതയുള്ളവരെ ചികിൽസയുടെ ഭാഗമായി പീഡിപ്പിക്കുന്നതു തടയാൻ എന്തെല്ലാം വ്യവസ്ഥകളാണ് റൂൾസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്, വിശദമാക്കുമോ;

(ഡി) എന്തെല്ലാം ശിക്ഷാ നടപടികളാണ് റൂൾസിൽ ഇതിനായി വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പതിമൂന്നാം ധനകാര്യ കമ്മിഷൻ വിഹിതമായി നീക്കിവച്ച തുക</u>

2479 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ വിഹിതമായി നടപ്പു സാമ്പത്തികവർഷം എന്തു തുകയാണ് നീക്കിവച്ചതെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിൽ എന്തു തുക പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ ക്രമീകരിക്കുവാൻ നീക്കി വച്ചുവെന്നും അതിൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും, അവയ്ക്ക് ഓരോന്നിനും എന്തു തുക നീക്കി വച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഇതിൽ എന്തു തുക കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ സൗകര്യങ്ങൾ ക്രമീകരിക്കുവാൻ നീക്കിവച്ചുവെന്നും അതിൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും അവയ്ക്ക് ഓരോന്നിനും എന്തു തുക നീക്കി വച്ചുവെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് 'ഡ്രൈ ഡേ' പദ്ധതി</u>

2480 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ അഞ്ചാഴ്ചകളിലായി സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് നടത്തിയ 'ഡ്രൈ ഡേ' പദ്ധതി കൊണ്ട് ഡെങ്കിപ്പനി ഫലപ്രദമായി നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൂടി സഹകരണത്തോടെ നടപ്പിലാക്കേണ്ട ഡ്രൈ ഡേ പരിപാടികൾക്ക് തൃപ്തികരമായ സഹകരണം പ്രസ്തുത വകുപ്പിൽ നിന്നും ലഭ്യമായതായി വിലയിരുത്തിയിട്ടുണ്ടോ;

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികൾ</u>

2481 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) മുൻകൂട്ടി രോഗനിർണ്ണയം നടത്തുന്നതിനുള്ള പെരിഫറൽ കേന്ദ്രങ്ങളുടെ അഭാവം, ആരോഗ്യ സ്ഥാപനങ്ങളിൽ റാപ്പിഡ് ഡയഗ്നോസ്റ്റിക് ടെസ്റ്റ് (ആർ.ഡി.റ്റി) കിറ്റുകളുടെ അഭാവം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>യൂണിഫൈഡ് പബ്ലിക് ഹെൽത്ത് ആക്ട്</u>

2482 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്ത് യൂണിഫൈഡ് പബ്ലിക് ഹെൽത്ത് ആക്ട് നിലവിലുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഇല്ലെങ്കിൽ ഇതുമൂലമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) യൂണിഫൈഡ് പബ്ലിക് ഹെൽത്ത് ആക്ട് നടപ്പിൽ വരുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ഓട്ടിസം</u>

2483 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം ബാധിക്കുന്ന കുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാഹചര്യത്തിലും വേണ്ടത്ര ചികിത്സാ കേന്ദ്രങ്ങൾ സംസ്ഥാനത്തും വിശിഷ്യാ മലബാറിലും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആവശ്യമായ സൗകര്യങ്ങളോടെ ചികിത്സാകേന്ദ്രങ്ങൾ ആരംഭിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഓട്ടിസം ബാധിച്ചവരെ കണ്ടെത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദീകരിക്കാമോ;

(ഇ) ഓരോ ജില്ലയിലും ഇതു സംബന്ധിച്ച് കണക്കെടുപ്പുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിവഴിയാണ് നടത്തിയതെന്നും അതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ദേശീയ അന്ധതാ നിവാരണ പരിപാടി</u>

2484 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ അന്ധതാ നിവാരണ പരിപാടിയുടെ (എൻ. പി.സി ബി) ഭാഗമായി ഗ്രാമീണ ജനതയുടെ അന്ധതാ നിവാരണത്തിനായി ആരോഗ്യ വകുപ്പിൽ എത്ര വിഷൻ സെന്ററുകൾ അനുവദിച്ചു; എവിടെയെല്ലാമാണ് അനുവദിച്ചത്;

(ബി) സ്കൂൾ കുട്ടികളുടെ നേത്ര പരിശോധന, ഗ്ലൗക്കോമ രോഗനിർണ്ണയം, തിമിര രോഗനിർണ്ണയം, തുടങ്ങിയ നേത്ര രോഗ നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിഷൻ സെന്റർ അപ്ഗ്രേഡ് ചെയ്ത്, സി.എച്ച്.സി.കളിലും ടി.എച്ച്.ക്യൂ കളിലും ഒഫ്ടോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ഡോക്ടർമാർ നൽകുന്ന പ്രിസ്ക്രിപ്ഷൻ നോട്ടുകൾ സംബന്ധിച്ച നിർദ്ദേശം

2485 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രോഗങ്ങൾക്ക് ആവശ്യമായ മരുന്നുകളും ടെസ്റ്റുകളും മറ്റ് പരിശോധനകളുമാണോ ഡോക്ടർമാരും ആശുപത്രികളും നിർദ്ദേശിക്കുന്നത് എന്ന കാര്യം പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ;

(ബി) രോഗികൾക്ക് നിർദ്ദേശിക്കുന്ന മരുന്നുകൾ പുതിയ രോഗങ്ങൾ ഉണ്ടാക്കുന്നവയാണോ എന്ന കാര്യം പരിശോധിക്കുവാൻ നിലവിൽ എന്തു സംവിധാനമാണുള്ളത് എന്ന് വിശദമാക്കാമോ; ആശുപത്രികളിൽ മെഡിക്കൽ ഓഡിറ്റിംഗ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഡോക്ടർമാർ നൽകുന്ന ചീട്ടുകളിലോ, പ്രിസ്ക്രിപ്ഷൻ നോട്ടുകളിലോ രോഗത്തെ സംബന്ധിക്കുന്ന ഡയഗ്നോസിസ് റിപ്പോർട്ട് ഉണ്ടാകണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം പാലിക്കാത്ത ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേനയുള്ള തസ്തികകൾ</u>

2486 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേന ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള തസ്തികകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പളം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) രാത്രി ഉൾപ്പെടെ മൂന്ന് ഷിഫ്റ്റിൽ ജോലി നോക്കുന്ന എൻ.ആർ.എച്ച്.എം. വഴി നിയമിതരായ ഫാർമസിസ്റ്റുകൾക്ക് മിനിമം അടിസ്ഥാന ശമ്പളമെങ്കിലും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കാലോചിതമല്ലാത്ത പദ്ധതികൾ നിർത്തലാക്കുവാൻ നടപടി</u>

2487 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ കാലോചിതമല്ലാത്ത നിരവധി പദ്ധതികൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി സമയം ചെലവഴിക്കേണ്ടി വരുന്നതിനാൽ കേന്ദ്ര സംസ്ഥാനാവിഷ്കൃത നൂതന പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് ഉദ്യോഗസ്ഥന്മാർക്ക് കഴിയാതെ വരുന്നു എന്നത് വിലയിരുത്തപ്പെട്ടിട്ടുണ്ടോ;

(സി) കാലോചിതമായി പദ്ധതികൾ പരിഷ്ക്കരിക്കുന്നതിനും, ഉപയോഗ്യമല്ലാത്തവ നിർത്തലാക്കുന്നതിനും വകുപ്പുതല സമിതി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകൾ</u>

2488 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ മെഡിക്കൽ കോളേജിലും ശരാശരി എത്ര രോഗികൾ ക്യാൻസർരോഗ ചികിത്സയുമായി ബന്ധപ്പെട്ട് പ്രതിവർഷം എത്തിച്ചേരുന്നുവെന്നാണ് കണക്കാക്കപ്പെടുന്നത്;

(സി) മെഡിക്കൽ കോളേജ് റേഡിയോ തെറാപ്പി വിഭാഗത്തിൽ ചികിത്സക്കെത്തുന്ന രോഗികൾക്ക് ആധുനിക ചികിത്സാ രീതികൾ ലഭ്യമാക്കുവാനുള്ള നൂതന സാങ്കേതികവിദ്യാധിഷ്ഠിതമായ എന്തെല്ലാം ഉപകരണങ്ങളാണ് ഓരോ മെഡിക്കൽ കോളേജുകളിലും ഉള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) 2011-2012 സാമ്പത്തിക വർഷവും 2012-2013 സാമ്പത്തിക വർഷവും ഓരോ മെഡിക്കൽ കോളേജുകളിലെയും റേഡിയോ തെറാപ്പി വിഭാഗങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ എന്തു തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ക്യാൻസർ രോഗികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി വിഭാഗം കാര്യക്ഷമമാക്കുവാനും ശക്തിപ്പെടുത്തുവാനും ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(എഫ്) റേഡിയോ തെറാപ്പി വിഭാഗം ശക്തിപ്പെടുത്തുവാനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാനും ലക്ഷ്യമിട്ട് ഓരോ മെഡിക്കൽ കോളേജിൽ

നിന്നും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്നും, അതിൽ കൈക്കൊണ്ട നടപടികളും വിശദമാക്കുമോ;

(ജി) ആർ.സി.സി. ദേശീയ പ്രാധാന്യമുള്ള ചികിത്സാ സ്ഥാപനമായി വളരുമ്പോൾ സംസ്ഥാനത്തെ സാധാരണക്കാരായ രോഗികൾക്ക് പ്രാദേശികമായി തന്നെ നിലവാലമുള്ള ക്യാൻസർരോഗ ചികിത്സ ഉറപ്പു വരുത്തുവാൻ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ റേഡിയോതെറാപ്പി വിഭാഗം ശക്തിപ്പെടുത്തുവാൻ സർക്കാരിന്റെ മുന്നിലുള്ള കർമ്മപദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കാൻസർ കെയർ പദ്ധതി</u>

2489

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ കെയർ പദ്ധതി കൊണ്ട് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്;

(ബി) ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചതെന്നും ഇതിന് എന്തു തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) കാൻസർ രോഗ നിർണ്ണയത്തിനും പ്രാഥമിക ഉപകരണങ്ങൾ സ്ഥാപിക്കുവാനും മറ്റ് സജ്ജീകരണങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ രോഗത്തിന് വിദഗ്ദ്ധ ചികിത്സ ഏർപ്പെടുത്തുന്നതിന് നടപടി ഉണ്ടാകുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

റീജിയണൽ കാൻസർ സെന്ററിന് ദേശീയ പദവി

2490 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീജിയണൽ കാൻസർ സെന്ററിന് ദേശീയ പദവി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സഹായമായി 2006-2011 മാർച്ച് വരെ എന്ത് തുക വീതം അനുവദിച്ചുവെന്നും 2011 ഏപ്രിൽ മുതൽ 2012 നവംബർ 30നകം എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ആർ.സി.സി.ക്ക് വിദേശസഹായം ഏതൊക്കെ രാജ്യങ്ങളിൽ നിന്നും ലഭിക്കുന്നുവെന്നും എപ്രകാരമുള്ള പദ്ധതികളിലൂടെയാണ് ഇത് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) കേരളത്തിലെ കാൻസർ രോഗികളുടെ എണ്ണം മുപ്പത് വർഷംകൊണ്ട് എത്ര ശതമാനം വർദ്ധിച്ചു; കഴിഞ്ഞ മുപ്പത് വർഷം കൊണ്ട് എത്ര പേർ ആർ.സി.സി-ൽ ചികിത്സയ്ക്കെത്തി;

(ഇ) 1982-ൽ എത്രപേർ ആർ.സി.സി-ൽ ചികിത്സ തേടി എത്തി; ആയത് 2011-ൽ എത്രകണ്ട് ഉയർന്നു; വ്യക്തമാക്കുമോ;

(എഫ്) 1982-2012 കാലയളവിൽ പുരുഷൻമാരിലെ വദനാർബുദം, ശ്വാസകോശാർബുദം, സ്ത്രീകളിൽ കാണുന്ന ഗർഭാശയ കാൻസർ, സ്തനാർബുദം, 14 വയസ്സുവരെ കുട്ടികളിൽ കണ്ടുവരുന്ന ലുക്കീമിയ ഇവയുടെ ഏറ്റക്കുറച്ചിലുകളുടെ താരതമ്യം വ്യക്തമാക്കുമോ;

(ജി) ആർ.സി.സി.-ൽ സൃഷ്ടിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(എച്ച്) കാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യയാത്ര ലഭ്യമാക്കുന്നതിന് ഗതാഗത വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ആയത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജുകളിലെ റേഡിയോഗ്രാഫർ തസ്തിക</u>

2491 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഡിയോഗ്രാഫർ ഗ്രേഡ് II തസ്തികയിൽ, പി. എസ്, സി റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇതൊഴിവാക്കി മുഴുവൻ ഒഴിവുകളും പി.എസ്.സി യ്ക്കു റിപ്പോർട്ട് ചെയ്യുന്നതിനും, ഒഴിവുകളിൽ നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

റേഡിയോ തെറാപ്പി ബിരുദാനന്തര കോഴ്സുകൾ

2492 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ റേഡിയോ തെറാപ്പി വിഭാഗത്തിൽ എന്തെല്ലാം ബിരുദാനന്തര പഠനസൗകര്യങ്ങളാണുള്ളതെന്നും ഓരോ മെഡിക്കൽ കോളേജിലും എത്ര സീറ്റുകൾ വീതമാണുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനകൾക്കു വിധേയമായി ബിരുദാനന്തര കോഴ്സുകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ സജ്ജീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ എന്തെങ്കിലും ന്യൂനതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ;

(ഡി) ഏതെല്ലാം ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലാണ് ഡി.എം.ആർ.ടി കോഴ്സുകൾ നടത്തുന്നതെന്നും എത്ര സീറ്റുകൾ വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഇ) ഡി.എം.ആർ.ടി കോഴ്സുകൾ നടത്തുവാനുള്ള സംവിധാനങ്ങളും സജ്ജീകരണങ്ങളും എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജിലും ലഭ്യമാണോ;

(എഫ്) പ്രസ്തുത കോഴ്സ് ആരംഭിക്കുവാനുള്ള അനുമതി നൽകേണ്ടത് ഏത് ഏജൻസിയാണെന്നു വ്യക്തമാക്കുമോ;

(ജി) റേഡിയോ തെറാപ്പിയിൽ എം.ഡി. കോഴ്സുകളും ഡി.എം.ആർ.ടി. കോഴ്സുകളും അനുവദിക്കണമെന്നാവശ്യപ്പെട്ട് ഏതെല്ലാം ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ അപേക്ഷ നൽകിയിട്ടുണ്ടെന്നും അതിൻമേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ലബോറട്ടറി കൗൺസിൽ രൂപീകരണം</u>

2493 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം "ലബോറട്ടറി കൗൺസിൽ" രൂപീകരണം നടന്നിട്ടുണ്ടോ; പ്രസ്തുത കൗൺസിൽ രൂപീകരണം കൊണ്ട് പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) വിവിധ യൂണിവേഴ്സിറ്റികളുടെ അധീനതയിൽ നടത്തുന്ന പാരാമെഡിക്കൽ കോഴ്സുകൾ മെഡിക്കൽ സർവ്വകലാശാലകളുടെ നിയന്ത്രണത്തിൽ കൊണ്ടുവരാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ആയത് നടപ്പിൽ വരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

കെ. എച്ച്. ആർ. ഡബ്ല്യു സൊസൈറ്റിയുടെ കീഴിലുള്ള
എ. സി. ആർ ലാബുകൾ

2494 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എച്ച്. ആർ. ഡബ്ല്യു. സൊസൈറ്റിയുടെ കീഴിലുള്ള എ. സി. ആർ ലാബുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എ. സി. ആർ. ലാബുകളിലെ പാരാമെഡിക്കൽ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) എ. സി. ആർ. ലാബുകളുടെ പ്രവർത്തനം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനായി കാലോചിതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ലാബുകളുടെയും സ്കാൻ സെന്ററുകളുടെയും പ്രവർത്തനം നിയന്ത്രിക്കുന്നതിന് നിയമം</u>

2495 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മോയിൻകുട്ടി
,, കെ. എൻ. എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യ ചികിത്സയുമായി ബന്ധപ്പെട്ട പരിശോധനാ ലാബുകൾ, സ്കാൻ സെന്ററുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് നിലിവിലുള്ള നിയമങ്ങളും സംവിധാനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾക്കുള്ള നിരക്കുകളിൽ ഏകീകരണം നിലവിലുണ്ടോ;

(സി) എങ്കിൽ അത് സേവനാർത്ഥികൾക്കുവേണ്ടി പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.12.2012-ലെ മറുപടിക്ക്**

<u>തിരുവനന്തപുരം ഗവണ്‍മെന്റ് മെഡിക്കല്‍ കോളേജിലെ യൂണിറ്റ് ഉപകരണങ്ങള്‍</u>

2496

ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം ഗവണ്‍മെന്റ് മെഡിക്കല്‍ കോളേജില്‍ സി.റ്റി. സ്കാന്‍ ചെയ്യുന്നതിനും എം.ആര്‍.ഐ. സ്കാന്‍ ചെയ്യുന്നതിനും എത്ര ഉപകരണങ്ങള്‍ വീതമാണുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്കാന്‍ ചെയ്യുന്നതിനായി രോഗികള്‍ എത്ര ദിവസം വരെ കാത്തിരിക്കേണ്ടിവരുന്നുവെന്ന് അറിയിക്കുമോ;

(സി) രോഗികളുടെ എണ്ണം വര്‍ദ്ധിച്ചതിന് ആനുപാതികമായി കൂടുതല്‍ സിറ്റി/എം.ആര്‍.ഐ. സ്കാനറുകള്‍ സ്ഥാപിച്ച് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ശ്രമിക്കുമോ;

(ഡി) പ്രസ്തുത സ്കാനറുകള്‍ മന:പൂര്‍വ്വം കേടുവരുത്തിയെന്നാരോപിച്ച് ഇതുവരെ ഏതെങ്കിലും ജീവനക്കാര്‍ക്കെതിരേ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

എല്ലാ സർക്കാർ ആശുപത്രികളിലും രോഗനിർണ്ണയം നടത്തുവാൻ ലബോറട്ടറികൾ

2497 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും രോഗനിർണ്ണയം നടത്തുവാൻ ലബോറട്ടറികൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ ലബോറട്ടറികൾ ഒരേ രോഗനിർണ്ണയത്തിന് വ്യത്യസ്ത നിരക്കിലുള്ള ഫീസാണ് ഈടാക്കുന്നത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; നിരക്ക് ഏകീകരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ശരിയായി രോഗനിർണ്ണയം നടത്താൻ യോഗ്യതയുള്ള ലബോറട്ടറി ടെക്നീഷ്യൻമാരെ നിയമിക്കുവാൻ സർക്കാർ കർശന നിർദ്ദേശം നൽകുമോ ; വ്യക്തമാക്കുമോ ;

(ഡി) സ്വകാര്യ ലബോറട്ടികളിൽ പലതും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇത്തരത്തിൽ പ്രവർത്തിച്ച എത്ര ലബോട്ടറികൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) സ്വകാര്യ ലബോറട്ടറികളുടെ പ്രവർത്തനം നിരീക്ഷിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു ; ഇത്തരം ലാബുകളുടെ പ്രവർത്തനം നിരീക്ഷിക്കുവാനും നടപടി സ്വീകരിക്കുവാനും സർക്കാർ പുതിയ പദ്ധതികൾക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ആരോഗ്യ മേഖല നേരിടുന്ന പ്രതിസന്ധി

2498 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി തിലോത്തമൻ
,, കെ. അജിത്
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വ്യാപകമായിക്കൊണ്ടിരിക്കുന്ന പകർച്ചപ്പനിയും പനിമരണങ്ങളും നേരിടുന്നതിന് എന്തെല്ലാം പ്രത്യേക നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) സംസ്ഥാനത്ത് നിർമ്മാർജ്ജനം ചെയ്തിരുന്ന പല രോഗങ്ങളും വീണ്ടും പ്രത്യക്ഷപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു ദി പുവർ' പദ്ധതി

2499 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് ടു ദി പുവർ' പദ്ധതി പ്രകാരം രോഗികൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുന്ന രോഗികൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സേഫ് തിരുവനന്തപുരം പദ്ധതി</u>

2500 ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ
,, വി. ശിവൻകുട്ടി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേഫ് തിരുവനന്തപുരം പദ്ധതിയുടെ ഭാഗമായി ജില്ലയിലെ മെഡിക്കൽ ലാബുകളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ എന്തെല്ലാമാണ്;

(ബി) മറ്റു ജില്ലകളിൽ ഇത്തരം പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ലൈസൻസില്ലാത്ത ഇത്തരം രോഗവ്യാപന കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ എന്തൊക്ക നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എം. പദ്ധതിക്കായുള്ള കേന്ദ്ര സഹായം</u>

2501

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. പദ്ധതിക്കായുള്ള കേന്ദ്ര സഹായം എന്നുവരെ ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയിൻ കീഴിൽ തുടങ്ങിയ അലോപ്പതി, ആയുർവേദ, ഹോമിയോ, യൂനാനി ഡിസ്പെൻസറികൾ എൻ.ആർ.എച്ച്.എം. പദ്ധതിയുടെ കാലശേഷവും തുടർന്നു കൊണ്ടു പോകുവാൻ എന്തെങ്കിലും പദ്ധതികളാവിഷ്ക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

എൻ.ആർ.എച്ച്.എം. നുവേണ്ടി തസ്തികകൾ

2502 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം.നു വേണ്ടി വഴി ഏതെല്ലാം തസ്തികകളാണ് സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ളത് ;

(ബി) ഈ തസ്തികകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പളം എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) എൻ.ആർ.എച്ച്.എം. വഴി നിയമിതരായ ഫാർമസിസ്റ്റുകൾ രാത്രി ഉൾപ്പെടെ 3 ഷിഫ്റ്റിൽ ജോലിനോക്കുന്നവർക്ക് മിനിമം അടിസ്ഥാന ശമ്പളമെങ്കിലും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>എൻ. ആർ. എച്ച്. എം. വഴി നിയമിതരാകുന്ന ഫാർമസിസ്റ്റുകൾ</u>

2503 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ എൻ. ആർ. എച്ച്. എം. വഴി ഫാർമസിസ്റ്റുകളെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ബി) ഇപ്രകാരം ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുളള യോഗ്യതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത ഫാർമസിസ്റ്റുകളുടെ ഡ്യൂട്ടി സമയം എപ്രകാരമാണ് ക്രമീകരിച്ചിട്ടുളളത്; വ്യക്തമാക്കുമോ;

(ഡി) എൻ. ആർ. എച്ച്. എം. വഴി നിയമിതരാകുന്ന ഫാർമസിസ്റ്റുകൾക്ക് ന്യായമായ വേതനം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

**എൻ.ആർ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങൾ**

2504 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എൻ.ആർ. എച്ച്.എം ഫണ്ട് ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ എന്തെല്ലാം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു; ഓരോന്നിനും എത്ര രൂപ ചെലവായി ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എൻ.ആർ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി; അതിന് എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പാലക്കാട് ജില്ലയിലും പരിസര പ്രദേശങ്ങളിലും മന്തുരോഗം ഉൾപ്പെടെയുള്ള കൊതുകുജന്യങ്ങളായ രോഗങ്ങൾ പടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു നിയന്ത്രിക്കുന്നതിനായി പ്രദേശത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) സർക്കാരിന്റെ ഇതര വകുപ്പുകളുമായി ചേർന്ന് എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനായി എൻ.ആർ.എച്ച്.എം. നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് സി.എച്ച്.സി ജീവനക്കാരുടെ നിയമനം</u>

2505 ശ്രീ. കെ.വി.വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.എച്ച്.സി. കളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുളള ജീവനക്കാരെ നിയമിക്കുവാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) കോങ്ങാട് സി.എച്ച്.സിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുളള ജീവനക്കാരില്ലെന്നുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സെക്രട്ടേറിയറ്റിലെ ആരോഗ്യവകുപ്പിലെ 27039/എം1/2011 എന്ന ഫയലിന്റെ കലണ്ടർ ഓഫ് ആക്ഷനും കൈക്കൊണ്ടിട്ടുളള തീരുമാനങ്ങളുടെ വിശദാംശങ്ങളും നൽകുമോ;

(ഡി) ഇക്കാര്യത്തിൽ ആരോഗ്യവകുപ്പിനോട് എന്തെങ്കിലും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ; എന്ത് റിപ്പോർട്ടാണ് ആവശ്യപ്പെട്ടിരുന്നത്; പ്രസ്തുത കത്തിന്റെ പകർപ്പും വിശദാംശവും നൽകുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

മാനസികാരോഗ്യകേന്ദ്രങ്ങളിൽ നടന്ന
അസ്വാഭാവിക മരണങ്ങൾ

2506 ശ്രീ. പി.കെ. ബഷീർ
'' എം. ഉമ്മർ
'' കെ.എം. ഷാജി
'' റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനസികാരോഗ്യകേന്ദ്രങ്ങളിൽ കഴിഞ്ഞ മൂന്നു വർഷത്തിനിടെ നടന്ന അസ്വാഭാവിക മരണങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടന്നിട്ടുണ്ടോ ;

(ബി) എങ്കിൽ അന്വേഷണത്തിൽ വെളിപ്പെട്ട കാര്യങ്ങളും തുടർ നടപടികളും സംബന്ധിച്ച വിശദവിവരം നല്കുമോ ;

(സി) മാനസിക രോഗികളെപ്പോലെ തന്നെ, അവിടെ ജോലി ചെയ്യുന്ന നല്ലശതമാനം ജീവനക്കാരും അക്രമവാസനയുള്ളവരാണെന്ന നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ജീവനക്കാരുടെ രോഗികളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് ഇതെതുടർന്ന് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

'സീതാലയം' പദ്ധതി

2507 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ മാനസിക, ശാരീരിക, സാമൂഹിക, ആരോഗ്യം ശക്തിപ്പെടുത്തുന്നതിനായി ആരംഭിച്ച 'സീതാലയം ' പദ്ധതിയുടെ പ്രവർത്തനം ഏതൊക്കെ ജില്ലയിൽ ആരംഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിൽ ഇത്തരത്തിൽ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നു ; വിശദവിവരം നൽകുമോ ;

(സി) ഇല്ലെങ്കിൽ പുതിയ യൂണിറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സാധാരണജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ</u>

2508 ശ്രീ. സി.എഫ്. തോമസ്
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവ് പരിഗണിച്ച് സാധാരണ ജനങ്ങൾക്ക് മികച്ച ചികിത്സ കുറഞ്ഞ ചെലവിൽ ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ തലത്തിൽ ആർ.സി.സി. ശ്രീചിത്ര മാതൃകയിൽ കൂടുതൽ സ്പെഷ്യാലിറ്റി ആശുപത്രികൾ എല്ലാ ജില്ലകളിലും തുടങ്ങുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ഡയാലിസിസ് സെന്റർ</u>

2509 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ജില്ലകളിലാണ് പുതിയതായി ഡയാലിസിസ് സെന്റർ ആരംഭിച്ചതെന്ന് അറിയിക്കുമോ ;

(ബി) എല്ലാ ജില്ലകളിലും ഡയാലിസിസ് സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ഡയാലിസിസ് സൗകര്യമുള്ള ജില്ലാ ആശുപത്രികൾ

2510 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയാലിസിസ് സൗകര്യമുള്ള എത്ര ജില്ലാ ആശുപത്രികൾ നിലവിലുണ്ട്;

(ബി) കാസർഗോഡ് ജില്ലാശുപത്രിയിൽ ഡയാലിസിസ് സംവിധാനമുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ

2511 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യാ ലോട്ടറിയിലൂടെ സമാഹരിച്ച ഫണ്ടുപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികൾക്കും, ജില്ലാ ആശുപത്രികൾക്കും എത്ര വീതം യൂണിറ്റുകൾക്കായി എത്ര മെഷീനുകളാണ് നൽകാൻ ഉദ്ദേശിച്ചിട്ടുളളത്;

(സി) സാധാരണക്കാർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന ഗവൺമെന്റ് ജനറൽ, താലൂക്ക് ആശുപത്രികളിലെ ഡയാലിസിസ് യൂണിറ്റുകൾക്കായി എത്ര മെഷീൻ നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇടത്തരം സ്വകാര്യ ആശുപത്രികളെ ഇതിനായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതിയിൽ ഏതെല്ലാം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ട്; അവയേതെല്ലാമാണ്; എത്ര മെഷീൻ വീതം നൽകിയെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

സംസ്ഥാനത്തെ പ്രമേഹരോഗികളിൽ കാണുന്ന
ടി.ബി. രോഗം

2512 ശ്രീ. എം.വിശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യസംഘടനയുടെ സർവ്വെപ്രകാരം സംസ്ഥാനത്തെ ടി.ബി.രോഗികളിൽ ഏകദേശം 40% ത്തിലധികം പേർക്ക് പ്രമേഹം ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രമേഹനിയന്ത്രണ പദ്ധതികളും ക്ഷയരോഗ നിയന്ത്രണ പദ്ധതികളും ഏകോപിപ്പിച്ച് കാര്യക്ഷമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിലുള്ള രോഗികൾക്ക് ഉന്നത നിലവാരമുള്ള ചികിത്സ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

കേരളത്തിൽ ക്രമാതീതമായി വർദ്ധിക്കുന്ന രോഗങ്ങൾ

2513

ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ, ഹൃദയസംബന്ധമായ രോഗങ്ങൾ, കിഡ്നി, കരൾ രോഗങ്ങൾ തുടങ്ങിയവ കേരളത്തിൽ ക്രമാതീതമായി വർദ്ധിക്കുന്നത് സംബന്ധിച്ച് സർക്കാരോ മറ്റേതെങ്കിലും ഏജൻസികളോ എന്തെങ്കിലും തരത്തിൽ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കുമോ;

(ബി) ഇപ്പോൾ ഇത്തരത്തിൽ നടപടികൾ നടന്നിട്ടില്ലെങ്കിൽ കേരളത്തിൽ വർദ്ധിച്ചുവരുന്ന വിവിധ രോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തി ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

കേരളത്തിൽ ക്യാൻസർ രോഗബാധിതരുടെ വർദ്ധന

2514 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതേക്കുറിച്ച് പഠിച്ച് റിപ്പോർട്ടു നൽകുന്നതിനായി അടിയന്തിരമായി ഒരു പഠനസംഘത്തെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

## മലബാർ കാൻസർ സെന്റർ

2515 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ പ്രവർത്തിക്കുന്ന മലബാർ കാൻസർ സെന്ററിന്റെ സ്റ്റാഫ് പാറ്റേൺ എപ്രകാരമാണ്; ആശുപത്രിയിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ മുതൽ താഴെക്കിടയിലുള്ള ജീവനക്കാർ വരെയുള്ളവർക്കുള്ള ശമ്പളവും മറ്റലവൻസുകളും സംസ്ഥാന ഖജനാവിൽ നിന്നുമാണോ നൽകി വരുന്നത്;

(ബി) മലബാർ കാൻസർ സെന്ററിലെ ഡോക്ടർമാർ, നഴ്സുമാർ ടെക്നിക്കൽ-നോൺ ടെക്നിക്കൽ മുതലായ എല്ലാ വിഭാഗങ്ങളിലേയും ജീവനക്കാരുടെ ശമ്പള സ്കെയിലും മറ്റലവൻസുകളും മറ്റ് സർക്കാർ ആശുപത്രിയിലേതിന് സമാനമാണോ; ഇവ തമ്മിലുള്ള അന്തരം വിശദമാക്കുമോ;

(സി) മലബാർ കാൻസർ സെന്ററിലെ ജീവനക്കാർക്കുള്ള ശമ്പള പരിഷ്ക്കരണം എപ്രകാരം, എത്ര വർഷത്തിലൊരിക്കലാണ് നടപ്പിലാക്കുന്നത്; സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തെ അടിസ്ഥാനമാക്കിയാണോ ആയത് നടപ്പിലാക്കുന്നത്;

(ഡി) കാലോചിതമായി ശമ്പള പരിഷ്ക്കരണം നടപ്പാക്കാത്തതിനാൽ തുച്ഛമായ വേതനമാണ് ഡോക്ടർമാർ ഒഴികെയുള്ള എല്ലാ ജീവനക്കാർക്കും ലഭിക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മലബാർ കാൻസർ സെന്ററിലെ ജീവനക്കാർക്ക് കാലോചിതമായ രീതിയിൽ ശമ്പള പരിഷ്ക്കരണം അടിയന്തിരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന മരുന്നുകൾ

2516 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖാന്തിരം എത്ര ഇനം മരുന്നുകളാണ് വിതരണം ചെയ്തിരുന്നത്;

(ബി) ഇപ്പോൾ എത്രയിനം മരുന്നുകളാണ് സൗജന്യമായി കോർപ്പറേഷൻവഴി വിതരണം ചെയ്യുന്നതെന്ന് അറിയിക്കുമോ;

(സി) 2013 വരെ കോർപ്പറേഷന് ആവശ്യമായ മരുന്നുകൾ കെ.എസ്.ഡി.പി. വഴി വാങ്ങുന്നതിനും, കെ.എസ്.ഡി.പി.യ്ക്ക് നൽകുവാൻ കഴിയാത്തത് ടെണ്ടർ വഴി വാങ്ങുവാനുമുള്ള മുൻ സർക്കാരിന്റെ തീരുമാനം ഈ സർക്കാർ റദ്ദു ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത വ്യവസ്ഥ നിലനിൽക്കെ ടെണ്ടർ ചെയ്യാതെ നെഗോഷിയേറ്റ് വ്യവസ്ഥയിൽ കുത്തക കമ്പനികളിൽ നിന്നും മരുന്നുവാങ്ങാൻ ഇടയായ സാഹചര്യം എന്താണ്;

(ഇ) നെഗോഷിയേറ്റ് വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) നിലവിലുണ്ടായിരുന്ന പർച്ചേസസ് മാനേജരായി പ്രവർത്തിച്ചത് ആരായിരുന്നു; ഈ ഉദ്യോഗസ്ഥനെ തൽസ്ഥാനത്തുനിന്നും മാറ്റാനിടയാക്കിയ സാഹചര്യം എന്താണ്?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

മൊബൈൽ മെഡിക്കൽ ഷോപ്പുകൾ

2517 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ കൃത്രിമ മരുന്നുക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനു കൂട്ടുനിൽക്കുന്ന, മരുന്നു കമ്പനികൾക്കും , ഉദ്യോഗസ്ഥർക്കുമെതിരെ നടപടി സ്വീകരിക്കുമോ ;

(സി) അവശ്യ മരുന്നുകളുടെ വിതരണത്തിനായി മൊബൈൽ മെഡിക്കൽ ഷോപ്പുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>ജീവിത ശൈലി രോഗങ്ങൾ</u>

2518 ശ്രീ. പാലോട് രവി
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങൾ വഴിയാണ് ഇത്തരം മരുന്നുകൾ നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം രോഗങ്ങൾക്കാണ് മരുന്നുകൾ സൗജന്യമായി നൽകുന്നത്;

(ഡി) ഏതെല്ലാം വിഭാഗക്കാർക്കാണ് മരുന്നുകൾ സൗജന്യമായി നൽകുന്നത്?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഔട്ട് ലെറ്റുകൾ</u>

2519 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഔട്ട് ലെറ്റുകൾ തുടങ്ങാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; നവംബർ 30 വരെ ഇതിൽ എത്രയെണ്ണം തുടങ്ങാനായി; വിശദമാക്കുമോ;

(ബി) 'ഫാമിലി മെഡിസിൻ പദ്ധതി'യ്ക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുവോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) മരുന്നുകൾ സ്ഥിരമായി ഉപയോഗിക്കുന്ന രോഗികൾക്കുള്ള ലോയൽറ്റി ഡിസ്കൗണ്ട് കാർഡിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത കാർഡിനായി എത്രപേർ ഇതുവരെ അപേക്ഷ നൽകി; പ്രസ്തുത കാർഡ് ഉപയോഗിക്കുന്നവർക്ക് എത്ര ശതമാനം വിലക്കുറവ് മരുന്നുകൾക്ക് വരും; കാരുണ്യ ഔട്ട് ലെറ്റുകൾ വഴിയാണോ മരുന്നുകൾ നൽകുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ജനറിക് മരുന്നുകൾ പൊതുജനങ്ങൾക്ക് സൗജന്യമായി ലഭിക്കുന്ന പദ്ധതി</u>

2520

ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനറിക് മരുന്നുകൾ പൊതുജനങ്ങൾക്ക് സൗജന്യമായി ലഭിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കൂടുതൽ ഔഷധങ്ങൾ പ്രസ്തുത പദ്ധതിയിലൂടെ ജനങ്ങൾക്ക് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെ വിവിധ ഔഷധങ്ങൾക്ക് വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴിയുള്ള മരുന്ന് വിതരണം

2521 ശ്രീ. സി. കൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ബാബു എം പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും വാങ്ങാതെ പുറത്തുനിന്നും വാങ്ങുന്നതിന് നിർദ്ദേശിക്കുന്ന ഡോക്ടർമാരുടെ നടപടികൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടിയാണ് ഇത് സംബന്ധിച്ച് കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ജില്ലാ മരുന്നു സംഭരണകേന്ദ്രങ്ങളിൽ കെട്ടിക്കിടക്കുന്ന മരുന്നുകൾ ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ളതാണോ; എങ്കിൽ ഇവ വിതരണം ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ഔഷധ വ്യാപാര ലൈസൻസുകൾ ഓൺലൈനിൽ ലഭ്യമാക്കുന്ന സംവിധാനം

2522 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഔഷധ വ്യാപാര ലൈസൻസുകൾ ഓൺലൈനിൽ ലഭ്യമാക്കുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനം കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ; എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സംവിധാനത്തിലൂടെ ലഭിക്കുന്നത് ;

(സി) ലൈസൻസില്ലാതെ മരുന്നുകൾ വിൽക്കുന്നവരെ കണ്ടുപിടിക്കുവാൻ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാരവും വിലയും കർശനമായി നിയന്ത്രിക്കുന്നതിന് നടപടി</u>

2523 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാരവും വിലയും കർശനമായി നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സ്വകാര്യ മരുന്നുകമ്പനികളെ നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) സർക്കാർ ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാക്കാൻ കെ.എസ്.ഡി.പി. യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ മരുന്നാണ് കെ.എസ്.ഡി.പി. യിൽ നിന്നും വാങ്ങിയത് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തൃക്കാക്കരയിലെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ്</u>
<u>ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനം</u>

2524 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കരയിൽ പുതുതായി ആരംഭിക്കുന്ന റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ :

(ബി) 2013 മാർച്ച് 31-ന് മുമ്പ് ഇതിന്റെ പ്രവർത്തനോദ്ഘാടനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും അധികമായി തുക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>നാഷണല്‍ ഫാര്‍മസ്യൂട്ടിക്കല്‍ പ്രൈസിംഗ് പോളിസി</u>

2525 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഒരേയിനം മരുന്നുകളുടെ വിലയില്‍ വന്‍വ്യത്യാസമുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ നാഷണല്‍ ഫാര്‍മസ്യൂട്ടിക്കല്‍ പ്രൈസിംഗ് പോളിസി കേരളത്തില്‍ നടപ്പിലാക്കിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**19.12.2012-ലെ മറുപടിക്ക്**

<u>ജനറിക് നാമത്തിൽ പ്രിസ്ക്രിപ്ഷൻ</u>

2526 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമരുന്നുകൾ വിപണിയിൽ വ്യാപകമായി വിറ്റഴിക്കപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഡോക്ടർമാർ മരുന്നുകളുടെ ജനറിക് നാമം പ്രിസ്ക്രിപ്ഷനിൽ രേഖപ്പെടുത്തി നൽകണമെന്ന നിർബന്ധിത നിയമം നിലവിലുണ്ടോ ; എങ്കിൽ ഇത് പാലിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനുള്ള എന്ത് സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ജനറിക് മരുന്നുകൾ കെ. എസ്. ഡി. പി യിൽ നിർമ്മിക്കാൻ നടപടി</u>

2527 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ നിന്നും ഉൽപാദിപ്പിക്കുന്ന മരുന്നുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ വിപണനം എപ്രകാരമാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് രോഗികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന ''ജനറിക് മരുന്നുകൾ" കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ ഉൽപാദിപ്പിച്ച് ആശുപത്രികളിലൂടെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ഗുണനിലവാരം കുറഞ്ഞ മരുന്ന് വിതരണം ചെയ്ത കമ്പനികൾ

2528 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരം കുറഞ്ഞ മരുന്ന് വിതരണം ചെയ്ത കമ്പനികളിൽ നിന്ന് എത്ര രൂപ തിരിച്ച് പിടിക്കാനുണ്ട്; ഇതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ഏതെല്ലാം കമ്പനികൾ എത്ര രൂപവീതം തിരിച്ച് അടയ്ക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

ഇൻസുലിൻ വാക്സിനുകളുടെ പ്രതിമാസ വിൽപന

2529 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിമാസം എത്ര കോടി രൂപയുടെ ഇൻസുലിനും വാക്സിനുകളുമാണ് വിൽപന നടത്തുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വിറ്റഴിയുന്ന ഇൻസുലിനും പ്രതിരോധ വാക്സിനുകളും ഗുണനിലവാര പരിശോധനയില്ലാതെയാണ് വിപണിയിലെത്തുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വിൽക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ ഡ്രഗ് കൺട്രോൾ വിഭാഗം ഗുരുതര വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ;

(ഡി) ഗുണ നിലവാരത്തിൽ വേണ്ടത്ര ശ്രദ്ധിക്കാതെ വാങ്ങുന്നതാണ് ടെസ്റ്റിംഗ് ഉപകരണങ്ങൾ കേടാവാൻ കാരണമെന്ന പൊതുസമൂഹത്തിന്റെ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ഇ) സാമ്പിൾ പരിശോധനയിൽ നിലവാരമില്ലാത്തതായി കണ്ടെത്തുന്ന മരുന്നുകളുടെ ബാച്ചുകൾ പിൻവലിക്കാൻ നൽകുന്ന നിർദ്ദേശം വൈകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(എഫ്) പ്രതിവർഷം ഏകദേശം എത്രകോടി രൂപയുടെ അലോപ്പതി മരുന്നുകൾ മലയാളികൾ ഉപയോഗിക്കുന്നുവെന്നാണ് കണക്കാക്കുന്നത്?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പാൻമസാല നിരോധനം</u>

2530 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൻമസാല നിരോധിച്ചിട്ടുണ്ടെങ്കിലും പല സ്ഥലങ്ങളിലും അവ ഇപ്പോഴും വിറ്റുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത് പൂർണ്ണമായും നിരോധിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഇത്തരം വസ്തുക്കൾ വിൽപ്പന നടത്തുന്ന കച്ചവടക്കാർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>കാരുണ്യ ഫാര്‍മസികളില്‍ സൗരോര്‍ജ്ജ് പാനലുകള്‍ സ്ഥാപിക്കുവാന്‍ കേന്ദ്രമാനദണ്ഡങ്ങള്‍</u>

2531 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍ കാരുണ്യാ ഫാര്‍മസികളില്‍ സൗരോര്‍ജ്ജ പാനലുകള്‍ സ്ഥാപിക്കുവാന്‍ കേന്ദ്രമാനദണ്ഡങ്ങള്‍ മറികടന്ന് ടെന്‍ഡറില്‍ നിബന്ധനയുണ്ടാക്കിയത് വന്‍കിടക്കാരെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനത്തെക്കാള്‍ കുറഞ്ഞ നിരക്ക് നിശ്ചയിച്ചിട്ടുള്ളതും കേരളത്തിന്റെ നോഡല്‍ ഏജന്‍സിയുമായ 'അനെര്‍ട്ടിനെ' ടെന്‍ഡറില്‍ നിന്നൊഴിവാക്കാന്‍ മാനദണ്ഡങ്ങള്‍ പുതുക്കി നിശ്ചയിച്ചത് ആരുടെ നിര്‍ദ്ദേശത്തെ തുടര്‍ന്നാണ് ;

(സി) ഒരു കിലോവാട്ട് സൗരോര്‍ജ്ജ വൈദ്യുതിക്ക് അനെര്‍ട്ട് നിശ്ചയിച്ചിരിക്കുന്ന നിരക്കും, പ്രസ്തുത സ്ഥാപനത്തിന്റെ നിരക്കും പ്രത്യേകം ലഭ്യമാക്കുമോ ;

(ഡി) കേന്ദ്ര സര്‍ക്കാര്‍ മൂന്നു കോടി രൂപ വിറ്റുവരവുള്ള സ്ഥാപനങ്ങളെവരെ ടെന്‍ഡറില്‍ പങ്കെടുപ്പിക്കുമ്പോള്‍ 25 കോടി വാര്‍ഷിക വിറ്റുവരവുള്ള കമ്പനിവേണമെന്ന് സംസ്ഥാന സര്‍ക്കാര്‍ നിബന്ധനയുണ്ടാക്കിയത് എന്തിനാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) കാരുണ്യ ഫാര്‍മസിയുടെ ഏതെല്ലാം സെന്ററുകളിലായി എത്ര കിലോവാട്ട് വൈദ്യുതി ലഭ്യമാക്കാനുള്ള പാനലുകള്‍ സ്ഥാപിക്കാനാണ് ടെന്‍ഡര്‍ വിളിച്ചിട്ടുള്ളത് ; ഇതുമൂലം മൊത്തം എത്ര തുകയാണ് സംസ്ഥാനത്തിന് അധികമായി ചെലവാകുന്നത് ;

(എഫ്) പുതുക്കിയ ടെന്‍ഡര്‍ മാനദണ്ഡത്തിന്റെ കോപ്പി ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>ജെറിയാട്രിക് പ്രശ്നങ്ങൾ</u>

2532

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജെറിയാട്രിക് പ്രശ്നത്തിന് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആരോഗ്യ വകുപ്പിന് കീഴിൽത്തന്നെ ജെറിയാട്രിക് വിഭാഗത്തിനായി പ്രത്യേക സെൽ രൂപീകരിക്കുവാൻ തയ്യാറാകുമോ; ഇതിനായി ഒരു അഡ്മിനിസ്ട്രേറ്റീവ് സെറ്റ് അപ് രൂപീകരിച്ചിട്ടുണ്ടോ;

(സി) എല്ലാ ജില്ലകളിലും ഓരോ സെന്ററുകൾ ഇതിനായി ആരംഭിക്കുന്നതിന് തയ്യാറാകുമോ;

(ഡി) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) തിരുവനന്തപുരം ജില്ലാ ആശുപത്രിയിൽ ഇക്കാര്യത്തിൽ സംഭവിച്ചതുപോലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതും ഭാവിയിൽ സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പുതിയ മെഡിക്കല്‍ കോളേജുകള്‍</u>

2533 ശ്രീ. ഇ. പി. ജയരാജന്‍
'' കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
'' സി.കെ. സദാശിവന്‍
'' കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സര്‍ക്കാര്‍ ആഭിമുഖ്യത്തില്‍ നടപ്പുവര്‍ഷം തുടങ്ങുമെന്ന് പ്രഖ്യാപിച്ച അഞ്ച് മെഡിക്കല്‍ കോളേജുകളില്‍ ഓരോന്നിന്റെയും നിര്‍മ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയില്‍ മെഡിക്കല്‍ കൗണ്‍സിലിന്റെ അംഗീകാരം ലഭിച്ചവ ഏതൊക്കെ ; അതിനായി സമര്‍പ്പിച്ച അപേക്ഷകള്‍ ഏതൊക്കെ ; വിശദമാക്കുമോ ;

(സി) നിര്‍ദ്ദിഷ്ഠ സ്ഥലങ്ങളില്‍ സര്‍ക്കാര്‍ സ്ഥലവും സൗകര്യങ്ങളും ഉപയോഗിച്ച് സ്വകാര്യ പങ്കാളിത്തത്തില്‍ മെഡിക്കല്‍ കോളേജ് നടത്താന്‍ ഉദ്ദേശിക്കുന്നവ ഏതൊക്കെ ; ഈ ദിശയില്‍ നയംമാറ്റം നടത്തിയതിലും കെടുകാര്യസ്ഥതയിലും ആക്ഷേപം ഉയര്‍ന്നുവന്നിട്ടുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) ബഡ്ജറ്റ് പ്രസംഗത്തില്‍ പ്രഖ്യാപിച്ച പ്രകാരം നിര്‍ദ്ദിഷ്ട സ്ഥലങ്ങളില്‍ സര്‍ക്കാര്‍ മേഖലയില്‍ തന്നെ മെഡിക്കല്‍ കോളേജുകള്‍ സ്ഥാപിക്കാന്‍ തയ്യാറാകുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും പി.ജി. കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ ഗ്രാമീണ സേവനം

2534 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും പി.ജി. കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ ബോണ്ട് പീരിഡുകളിലെ സേവനം ഗ്രാമീണ മേഖലയിലെ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കാമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>ആരോഗ്യ വകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ്</u>

2535 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനു കീഴിൽ സേവനമനുഷ്ഠിക്കുന്ന ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന എത്ര ജീവനക്കാർക്ക് ജില്ലാന്തരതലത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിച്ചുനൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ വിഭാഗത്തിലുംപെട്ട എത്ര ജീവനക്കാർക്കു വർക്കിംഗ് അറേഞ്ചുമെന്റ് അനുവദിച്ചുനൽകിയിട്ടുണ്ടെന്നും പ്രസ്തുത ജീവനക്കാരുടെ ശമ്പള ബിൽ ഏത് ഓഫീസുമുഖേനയാണ് എഴുതുന്നതെന്നും, ജോലി ചെയ്യുന്നത് ഏത് ഓഫീസിലാണെന്നും വ്യക്തമാക്കുമോ;

(സി) ഒരു ജില്ലയിലെ കേഡർ സ്ട്രെങ്തിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് മറ്റു ജില്ലകളിലെ സ്ഥാപനങ്ങളിൽ വർക്കിംഗ് അറേഞ്ച്മെന്റ് നൽകിയിരിക്കുന്നതിന്റെ അടിയന്തിര സാഹചര്യം എന്താണെന്നു വ്യക്തമാക്കുമോ;

(ഡി) ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാരുടെ കാര്യക്ഷമത ഉറപ്പാക്കി പകർച്ചവ്യാധികൾ തടയുന്നതിനുളള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വർക്കിംഗ് അറേഞ്ച്മെന്റ് സമ്പ്രദായം കർശനമായി ഇല്ലാതാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ജെ.എച്ച്.ഐ. മാരുടെയും ജെ.പി. എച്ച്.എൻ. മാരുടെയും റേഷ്യോ പ്രമോഷൻ</u>

2536 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ഫീൽഡ് വിഭാഗം ജീവനക്കാരായ ജെ. എച്ച്. ഐ. മാരുടെയും ജെ. പി. എച്ച്. എൻ മാരുടെയും റേഷ്യോ പ്രമോഷൻ നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഇതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) നടപടി ക്രമങ്ങൾ പൂർത്തിയാക്കി പ്രമോഷൻ വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>താലൂക്ക് ആശുപത്രികളിലെ ഡോക്ടർമാരുടെ കുറവ്</u>

2537 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികളിൽ ഡോക്ടർമാരുടെ എണ്ണം എത്ര വേണമെന്ന് നിശ്ചയിക്കുന്നത് ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ വരുന്ന രോഗികളുടെ എണ്ണത്തെ ആധാരപ്പെടുത്തിയാണോ; ആണെങ്കിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ കൂടാതെ 1500 ന് മുകളിൽ ഒ.പി യുള്ള ആശുപത്രിയിൽ ഏകദേശം എത്ര ഡോക്ടർമാരുടെ സേവനം വേണ്ടിവരും; വിശദമാക്കുമോ;

(ബി) താലൂക്ക് ആശുപത്രികളിൽ പോസ്റ്റ്മാർട്ടം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട്; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് പി.എച്ച്.സി.കളിലെയും</u>
<u>സി.എച്ച്.സികളിലെയും അസിസ്റ്റന്റ് സർജൻമാരുടെ കുറവ്</u>

2538 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എച്ച്.സി കളിലെയും സി.എച്ച്.സി കളിലെയും എത്ര അസിസ്റ്റന്റ് സർജൻമാരാണ് പരീക്ഷയ്ക്കായി നവംബർ മാസം മുഴുവൻ ലീവിൽ പോയത്;

(ബി) ഇതുമൂലം മിക്ക പി.എച്ച്.സി. കളിലും ഒരു മാസത്തോളം ഡോക്ടർ ഇല്ലാത്ത അവസ്ഥയുണ്ടായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്രയും ഡോക്ടർമാർ അവധിയിൽ പോയിട്ടും പകരം സംവിധാനം ഏർപ്പെടുത്താത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

കെ. എച്ച്. ആർ. ഡബ്ല്യൂ. എസ് -ലെ ജീവനക്കാർ

2539 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എച്ച്. ആർ. ഡബ്ല്യൂ. എസ് -ൽ ദിവസവേതനം, കോൺട്രാക്റ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു ;

(ബി) കെ. എച്ച്. ആർ. ഡബ്ല്യൂ. എസ് -ൽ താൽക്കാലിക ജീവനക്കാരെ അവസാനം സ്ഥിരപ്പെടുത്തിയത് ഏത് വർഷത്തിലാണ് ;

(സി) കെ. എച്ച്. ആർ. ഡബ്ല്യൂ. എസ് -ൽ താൽക്കാലിക ജീവനക്കാർക്ക് സർക്കാർ ഉത്തരവു പ്രകാരമുള്ള വേതനം നൽകാറുണ്ടോ ; അവർക്ക് ഇപ്പോൾ നൽകിവരുന്ന വേതനം എത്രയാണ് ;

(ഡി) കെ. എച്ച്. ആർ. ഡബ്ല്യൂ. എസ് -ൽ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് ; പ്രസ്തുത സ്ഥാപനങ്ങൾ വഴി പ്രതിമാസം എത്ര രൂപ വരുമാനം ലഭിക്കുന്നു ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>പാലക്കാട് മെഡിക്കല്‍ കോളേജ്</u>

2540 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് മെഡിക്കല്‍ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ ;

(ബി) മെഡിക്കല്‍ കോളേജിനായി ഇതുവരെ നടത്തിയ പ്രവര്‍ത്തനങ്ങള്‍ വിശദമാക്കുമോ ;

(സി) മെഡിക്കല്‍ കോളേജിന് ആവശ്യമായ സ്ഥലം, കെട്ടിടം എന്നിവ ലഭിച്ചിട്ടുണ്ടോ ;എങ്കില്‍ വിശമാക്കുമോ ;

(ഡി) മെഡിക്കല്‍ കോളേജ് എപ്പോള്‍ യാഥാര്‍ത്ഥ്യമാക്കുവാന്‍ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി</u>

2541 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) കുറ്റ്യാടി താലൂക്കാശുപത്രിയിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്താണെന്നും ഇവയിൽ എത്ര തസ്തികയിൽ ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ സ്റ്റാഫിനെ നിയമിക്കുവാൻ നടപടി</u>

2542 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ ആവശ്യത്തിനു ഡോക്ടർമാരും മറ്റു ജീവനക്കാരും ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആശുപത്രിയിൽ എത്തുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാരെയും മറ്റു ജീവനക്കാരെയും നിയമിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ആശുപത്രിയിലെ ഉപകരണങ്ങൾ നൽകുന്ന കമ്പനിയുടെ സർട്ടിഫിക്കേഷൻ

2543 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിൽ ഹൃദയവാൽവിലെ തടസ്സങ്ങൾ നീക്കാനുപയോഗിക്കുന്ന ഉപകരണങ്ങൾ നൽകുന്നത് യു. എസ്. എഫ്. ഡി. എ. സർട്ടിഫിക്കറ്റ് ഇല്ലാത്ത കമ്പനികളാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പരാതി പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>തവനൂർ മണ്ഡലത്തിൽ ഡോക്ടർമാരുടെ നിയമനം</u>

2544 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിൽപ്പെട്ട തൃക്കണ്ണാപുരം സി.എച്ച്.സി യിൽ ഇപ്പോൾ എത്ര ഡോക്ടർമാരുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സി.എച്ച്.സി. യുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് എത്ര ഡോക്ടർമാരാണ് ഈ സ്ഥാപനത്തിൽ ആവശ്യമായി വരുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ഈ സ്ഥാപനത്തിലേയ്ക്കാവശ്യമായത്ര ഡോക്ടർമാരുടെ സേവനം അടിയന്തിരമായി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിന്റെ ഗോൾഡൻ ജൂബിലി</u>

2545 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് സ്ഥാപിച്ചിട്ട് അമ്പത് വർഷം തികയുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ ഭാഗമായി സർക്കാർ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ആഘോഷ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഭാരവാഹികൾ ആരൊക്കെയാണ് ; അറിയിക്കുമോ ;

(ഡി) ആഘോഷങ്ങളുടെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>അക്ഷയയുടെ കുടുംബത്തിന് ധനസഹായം</u>

2546 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സാപിഴവുമൂലം മരിച്ച അക്ഷയ എന്ന പെൺകുട്ടിയുടെ കുടുംബത്തിന് നാലു ലക്ഷം രൂപ നഷ്ടപരിഹാരം നൽകുവാൻ മനുഷ്യാവകാശ കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) മനുഷ്യാവകാശകമ്മീഷൻ ശുപാർശ ലഭിക്കുന്നതിന് മുമ്പ് ഈ കുടുംബത്തിന് സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സിമിതക്ക് ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം</u>

2547 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിത എൻ. എസ്.-ന്റെ ആശ്രിത നിയമനത്തിനായുള്ള 12115/എച്ച്.1-10 നമ്പർ ഫയലിൽ എടുത്ത നടപടികൾ വിശദമാക്കുമോ;

(ബി) സിനിതയ്ക്ക് ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനത്തിന് പരിഗണിക്കുന്നത് സംബന്ധിച്ച അപേക്ഷ ആരോഗ്യ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കുളള മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

2548 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉഴവൂർബ്ലോക്ക് പഞ്ചായത്തിലെ വി.ഇ.ഒ. ആയ ശ്രീ. വേണുഗോപാലിന്റെ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിന് സമർപ്പിച്ച ജി2/47243/12 ആരോഗ്യവകുപ്പ് നമ്പർ ഫയലിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ റീഇംബേഴ്സ്മെന്റ് സംബന്ധിച്ച പ്രസ്തുത വിഷയത്തിൽ ഡി.എച്ച്.എസ്.ലേക്ക് നൽകിയ റിപ്പോർട്ടിന്മേൽ മറുപടി ലഭിക്കാനുണ്ടായ കാലതാമസം വ്യക്തമാക്കാമോ; ഡി.എച്ച്.എസ് ലെ 1049/12 നമ്പർ ഫയലിൽ എന്ന് റിപ്പോർട്ട് നൽകി എന്ന് വ്യക്തമാക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തവനൂർ മണ്ഡലത്തിലെ പുറത്തൂർ സി. എച്ച്. സി. യിൽ</u>
<u>ഗൈനക്കോളജിസ്റ്റിന്റെ നിയമനം</u>

2549 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിൽപ്പെട്ട പുറത്തൂർ സി. എച്ച്. സി. യിൽ ഓപ്പറേഷൻ തിയേറ്റർ ഉദ്ഘാടനം ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(സി) എങ്കിൽ അതിന്റെ നടപടി ഏതുവരെയായി എന്നു വ്യക്തമാക്കാമോ;

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>പുതിയ മെഡിക്കൽ കോളേജുകൾ</u>

2550 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13 ബഡ്ജറ്റിൽ മഞ്ചേരിയിൽ അനുവദിച്ച മെഡിക്കൽ കോളേജ് എപ്പോൾ പ്രവർത്തനം ആരംഭിക്കും; ഇല്ലെങ്കിൽ ഇവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>എലിഞ്ഞിപ്ര സി. എച്ച്. സി. യിൽ സൗകര്യം
മെച്ചപ്പെടുത്താൻ നടപടി</u>

2551 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട എലിഞ്ഞിപ്ര പി. എച്ച്. സി., സി. എച്ച്. സി. യാക്കി ഉയർത്തിയെങ്കിലും ആവശ്യമാ അടിസ്ഥാന സൗകര്യങ്ങളും ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കലും ഇനിയും നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

വയനാട് ജില്ലയിൽ മെഡിക്കൽ കോളേജ്

2552 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജ് സ്ഥാപിക്കാനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനാവശ്യമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ടോ; ഇത് നടപ്പിലാക്കാൻ സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം എത്രയാണെന്നും അത് എവിടെയാണ് ലഭ്യമാക്കിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>മലപ്പുറം കോട്ടപ്പടിയിലെ താലൂക്ക് ആശുപത്രി നവീകരണം</u>

2553 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടപ്പടിയിലെ താലൂക്ക് ആശുപത്രി നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ എക്സ്റേ മെഷീൻ എന്ന് ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിനനുസരിച്ച് ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലുള്ള ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഒഴിവുകളിലേക്ക് പി.എസ്.സി നിയമനം വൈകുന്ന സാഹചര്യത്തിൽ കരാർ നിയമനത്തിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

പി. എച്ച്.സി - സി. എച്ച്.സി അപ്ഗ്രേഡേഷൻ

2554 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പി. എച്ച്.സി/സി. എച്ച്.സി കൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര എണ്ണം അപ്ഗ്രേഡ് ചെയ്തുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പി. എച്ച്.സി കൾ അപ്ഗ്രേഡ് ചെയ്യുന്നതിനും കിടത്തി ചികിത്സ ആരംഭിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ മലപ്പുറം മണ്ഡലത്തിലെ പി. എച്ച്.സി കളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനും പൂകൊളത്തൂർ പി. എച്ച്.സി അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

**എടപ്പാൾ സി. എച്ച്. സി. യിലെ ക്ലറിക്കൽ സ്റ്റാഫിന്റെ തസ്തിക**

2555 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എടപ്പാൾ സി. എച്ച്.സി യിൽ എത്ര ക്ലറിക്കൽ സ്റ്റാഫിന്റെ തസ്തികകളാണുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഇവിടെ എത്ര ക്ലാർക്കുമാർ ജോലി ചെയ്തുവരുന്നുണ്ട്:

(സി) ഒഴിവുള്ള ക്ലാർക്കുമാരുടെ തസ്തിക നികത്തുന്നതിന് വേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>മാവൂർ പഞ്ചായത്തിൽ കാൻസർ ചികിൽസക്കായി</u>
<u>വിട്ടുകിട്ടിയിട്ടുള്ള സ്ഥലം</u>

2556 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവൂർ പഞ്ചായത്തിലെ തെങ്ങിലക്കടവ് എന്ന സ്ഥലത്ത് കാൻസർ ചികിൽസക്കായി സൗജന്യമായി സ്ഥലം വിട്ടു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവിടെയുള്ള കെട്ടിടങ്ങളുടെ താക്കോൽ ഏറ്റുവാങ്ങിയത് എന്നാണ്;

(സി) പ്രസ്തുത സ്വത്തും, കെട്ടിടവും ഉപയോഗപ്പെടുത്താൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ശ്രീകുമ്മിൽ വിഷ്ണു ക്ഷേത്രത്തിലെ ജീവനക്കാർക്ക് ശമ്പളം

2557 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ശ്രീകുമ്മിൽ വിഷ്ണു ക്ഷേത്രത്തിലെ ജീവനക്കാർക്ക് നാളിതുവരെ ശമ്പളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്ഷേത്രത്തിൽ ഏതൊക്കെ തസ്തികകളിലാണ് ജീവനക്കാരുളളത് എന്ന് പേരു സഹിതം വ്യക്തമാക്കാമോ;

(സി) ഇവർക്ക് അവിടെ ജോലിയെടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഇ) ജീവനക്കാർക്ക് ജോലിയെടുക്കുവാനും അവർക്ക് ശമ്പളം ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

കായംകുളം താലൂക്കാശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

2558 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ ഒരു സർജനെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത താലൂക്കാശുപത്രിയിൽ സ്കാനിംഗ് മെഷീൻ, ഡിജിറ്റൽ എക്സ്റേ എന്നിവ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിലെ ഓപ്പറേഷൻ തീയറ്റർ പ്രവർത്തനരഹിതമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഓപ്പറേഷൻ തീയറ്റർ അടിയന്തരമായി തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജ് ക്ലിനിക്കൽ ബയോകെമിസ്ട്രി ലാബിന്റെ പ്രവർത്തനം</u>

2559 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ക്ലിനിക്കൽ ബയോകെമിസ്ട്രി ലാബിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലാബിൽ ഇപ്പോൾ എത്ര കമ്പ്യൂട്ടറൈസ്ഡ് അനലൈസറുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ലാബിൽ എത്ര സാമ്പിളുകൾ ഒരു ദിവസം പരിശോധനയ്ക്ക് എത്തുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) രോഗികളുടെ ബന്ധുക്കൾ മണിക്കൂറുകളോളം പരിശോധനാഫലം ലഭിക്കുന്നതിനുവേണ്ടി കാത്തുനിൽക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിന് കൂടുതൽ കമ്പ്യൂട്ടറൈസ്ഡ് അനലൈസറുകളും ടെക്നീഷ്യന്മാരെയും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിലെ ചെറൂപ്പ സി.എച്ച്.സി

2560 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചെറൂപ്പ സി.എച്ച്.സി. ഇപ്പോൾ ആരുടെ നിയന്ത്രണത്തിലാണുള്ളത് ;

(ബി) നിയന്ത്രണം പൂർണ്ണമായും കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറാൻ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) നിയന്ത്രണം പൂർണ്ണമായും മെഡിക്കൽ കോളേജിന് വേണമെന്ന് മെഡിക്കൽ കോളേജ് അധികൃതർ ആവശ്യമുന്നയിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇവിടെ ഹോസ്റ്റൽ പണിയുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ഐരാണിമുട്ടത്തെ സർക്കാർ ആശുപത്രിയുടെ പ്രവർത്തനം</u>

2561 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ ഐരാണിമുട്ടത്ത് സ്ഥിതി ചെയ്യുന്ന സർക്കാർ ആശുപത്രി നൂറു കിടക്കകളോടുകൂടി എന്ന് പ്രവർത്തനക്ഷമമാക്കാനാണു ഉദ്ദേശിക്കുന്നത് ;

(ബി) ഇതിനായി പ്രസ്തുത ആശുപത്രിയിൽ വേണ്ടത്ര ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

പത്തനംതിട്ട ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് നിയമനം

2562 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് നിയമനത്തിന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്;

(ബി) പ്രസ്തുത തസ്തികയിൽ ജില്ലയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) സമാന തസ്തികയിൽ മറ്റ് ജില്ലകളിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടോ;

(ഡി) പത്തനംതിട്ട ജില്ലയിൽ പ്രസ്തുത തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ട്രോമാ കെയർ ബ്ലോക്കിന്റെ നിർമ്മാണം</u>

2563 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ട്രോമാ കെയർ ബ്ലോക്കിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത ബ്ലോക്കിൽ ട്രോമാ കെയർ സംവിധാനം സജ്ജീകരിക്കുന്നതിനുള്ള ഉപകരണങ്ങളും ജീവനക്കാരെയും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

പെരിമ്പിലാവ് പി.എച്ച്.സി.

2564 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പെരിമ്പിലാവ് പി.എച്ച്.സി.യിൽ ദിനം പ്രതി ശരാശരി എത്ര രോഗികൾ ആണ് ഒ.പി. വിഭാഗത്തിൽ ചികിത്സ തേടിയെത്തുന്നത് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പി.എച്ച്.സി.യിൽ നിലവിലുള്ള ഡോക്ടർ ദീർഘകാല അവധിയിൽ ആണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ പകരം ഡോക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ആറ്റിങ്ങൽ വലിയകുന്ന് ഗവൺമെന്റ് ആശുപത്രിയിലേയും,
കേശവപുരം സി.എച്ച്.സിയിലേയും,
വക്കം ആർ.എച്ച്.സി.യിലെയും
നിലവിലുള്ള സ്റ്റാഫ് പാറ്റേൺ

2565 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട ആറ്റിങ്ങൽ വലിയകുന്ന് ഗവൺമെന്റ് ആശുപത്രിയിലേയും, കേശവപുരം സി.എച്ച്.സി.യിലേയും, വക്കം ആർ.എച്ച്.സി. യിലെയും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ;

(ബി) ഇതിൽ ഓരോ ആശുപത്രിയിലും എത്ര തസ്തികകൾ വീതം ഒഴിഞ്ഞുകിടക്കുന്നു എന്നും വ്യക്തമാക്കുമോ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ആലത്തൂർ താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ</u>

2566

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ സാധാരണ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്ന ആലത്തൂർ താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം തസ്തികകളിലാണ് ഡോക്ടർമാരുടെ ഒഴിവുകൾ ഉള്ളത് എന്നു വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെയെന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>ഡോക്ടർമാരുടെ ഒഴിവുകൾ</u>

2567 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഭൂരിപക്ഷം ജനങ്ങളും പ്രധാനമായും ആശ്രയിക്കുന്ന ആലത്തൂർ താലൂക്ക് ഗവ: ആശുപത്രിയിൽ ഡോക്ടർമാരുടെ ധാരാളം ഒഴിവുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദീർഘകാലമായി ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർമാരുടെ തസ്തികകൾ നികത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(സി) ഏതൊക്കെ വിഭാഗത്തിലാണ് നിലവിൽ ഒഴിവുകളുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

എൻ.ആർ.എച്ച്.എം. മുഖേന നിയമനം ലഭിച്ച ജീവനക്കാർ

2568 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിൽ എൻ.ആർ.എച്ച്.എം. മുഖേന എത്ര ജീവനക്കാരെ ഏതൊക്കെ തസ്തികകളിൽ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ നിയമനത്തിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) നിയോജകമണ്ഡലത്തിലെ സി.എച്ച്.സി.കളിൽ ജോലിഭാരം കണക്കിലെടുത്ത് അനുവദിച്ചിട്ടുളളതിൽ കൂടുതൽ നേഴ്സിംഗ് അസിസ്റ്റന്റുമാരെ നിയമിക്കാനുളള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ഗ്രേഡ് II ഹോസ്പിറ്റൽ അറ്റൻഡർമാരുടെ നിയമനം</u>

2569 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ സർക്കാർ ആശുപത്രികളിൽ താത്കാലികാടിസ്ഥാനത്തിൽ ഗ്രേഡ് II ഹോസ്പിറ്റൽ അറ്റൻഡർമാരുടെ എത്ര ഒഴിവുകളുണ്ട് ;

(ബി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലിസ്റ്റ് ലഭിച്ചശേഷം നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ചാലക്കുടി താലൂക്ക് ആശുപത്രിയിൽ സ്ത്രീകളുടേയും കുട്ടികളുടേയും വാർഡ് നിർമ്മാണം</u>

2570 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ സ്ത്രീകളുടേയും കുട്ടികളുടേയും വാർഡ് നിർമ്മാണത്തിന്റെ ടെണ്ടർ കഴിഞ്ഞെങ്കിലും നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) എങ്കിൽ തടസ്സങ്ങൾ നീക്കി നിർമ്മാണം അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>മാവേലിക്കര റ്റി.എച്ച്.ക്യു. ആശുപത്രിയുടെ വികസനം</u>

2571

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര റ്റി.എച്ച്.ക്യു. ആശുപത്രിയിൽ ജില്ലാ ആശുപത്രിയുടെ നിലവാരത്തിലുള്ള ഡോക്ടർമാരുടെ എണ്ണം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ; ജില്ലാ ആശുപത്രിയിലെ ഓപ്പറേഷൻ തിയറ്റർ എന്ന് ഉദ്ഘാടനം ചെയ്യുവാൻ കഴിയും; അടിയന്തിരമായി തുറന്നുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ആശുപത്രിയുടെ സമഗ്ര വികസനത്തിനായുള്ള മാസ്റ്റർപ്ലാൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എത്ര കോടി രൂപയാണ് ചെലവഴിക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ

2572

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ ആരംഭിക്കുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ട്രോമാകെയർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം സംവിധാനങ്ങളാണ് താലൂക്കാശുപത്രിയിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നോഡൽ / പ്രോഗ്രാം ഓഫീസർമാർ ആരെല്ലാമെന്നും ഇവരുടെ ഓഫീസ് വിലാസമെന്തെന്നും വ്യക്തമാക്കുമോ;

(ഡി) ട്രോമാകെയർ സ്ഥാപിക്കുന്നതിനായി എത്ര രൂപയുടെ മുതൽമുടക്കാണ് കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയ്ക്ക് അനുവദിച്ചിട്ടുള്ളത് ;

(ഇ) ഏതെല്ലാം തസ്തികകളാണ് പുതുതായി അനുവദിക്കുക എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>ആയുർവ്വേദ ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ</u>

2573

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിൽ ആയുർവ്വേദ ഫാർമസിസ്റ്റ് ഗ്രേഡ് - II തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഏതെല്ലാം സ്ഥാപനങ്ങളിൽ എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി അറിയിക്കുമോ ;

(സി) ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പി. എച്ച്. സി.യെ സി. എച്ച്. സി.യായി ഉയര്‍ത്തുവാന്‍ നടപടി</u>

2574 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോട്ടയം ജില്ലയിലെ കാണക്കാരി പി.എച്ച്.സി.യെ, സി.എച്ച്.സി.യായി ഉയര്‍ത്തുന്നത് സംബന്ധിച്ച് ഡി.എച്ച്.എസ്. ന്റെ റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോ; എങ്കില്‍ എന്ന് ലഭിച്ചു; ഇല്ലെങ്കില്‍ എത്ര ദിവസത്തിനകം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് ഫയല്‍ നമ്പര്‍ 39844/എം.1/2012 പ്രകാരം ഡി. എച്ച്. എസ്. ലേക്ക് അയച്ച ഫയലിലെ തുടര്‍ നടപടി വ്യക്തമാക്കുമോ; കാണക്കാരി പി. എച്ച്. സി.യെ സി. എച്ച്. സി. ആക്കുന്നത് സംബന്ധിച്ച ഡി. എച്ച്. എസ്. ലെ ഫയല്‍ നമ്പര്‍ നല്‍കുമോ;

(സി) പ്രസ്തുത വിഷയത്തില്‍ കോട്ടയം ഡി.എം.ഒ.യുടെ റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോ; എങ്കില്‍ പകര്‍പ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കായംകുളം താലൂക്കാശുപത്രിയിലെ</u>
<u>ശോചന്യാവസ്ഥയ്ക്ക് പരിഹാരം</u>

2575 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ ;

(ബി) കായംകുളം ഗവൺമെന്റ് ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തിയപ്പോൾ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(സി) കായംകുളം താലൂക്കാശുപത്രിയുടെ ശോചന്യാവസ്ഥ പരിഹരിക്കുന്നതിലേക്ക് 22.6.2012 ൽ ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ഡി) ഇതിൽ ഏതെല്ലാം തീരുമാനങ്ങൾ നടപ്പിലാക്കി എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>നൂറനാട് ലെപ്രസി സാനട്ടോറിയം</u>

2576 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആരോഗ്യ വകുപ്പിനു കീഴിലുള്ള മാവേലിക്കര-മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനട്ടോറിയത്തിന്റെ സ്ഥലം ഐ.റ്റി.ബി.എഫ്.നോ സി.ആര്‍.പി.എഫ്.നോ കൊടുക്കുവാന്‍ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം ആരോഗ്യ വകുപ്പിനുകീഴില്‍ നിലനിര്‍ത്തി ആരോഗ്യ വകുപ്പിന്റെ പദ്ധതികള്‍ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജയില്‍ വകുപ്പ് സമര്‍പ്പിച്ച 300 കിടക്കകളുള്ള മള്‍ട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുടെ പ്രൊപ്പോസല്‍ സര്‍ക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മള്‍ട്ടി സ്പെഷ്യാലിറ്റി ആശുപത്രി മാത്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) മാവേലിക്കര ആയുര്‍വ്വേദ ആശുപത്രിയില്‍ കൂടുതല്‍ ബഡുകള്‍ അനുവദിക്കുന്നതിനും ഇതിനുള്ള കെട്ടിടം നിര്‍മ്മിക്കുന്നതിനും സഹായം നല്‍കുമോ;

(എഫ്) പ്രസ്തുത ആശുപത്രിയില്‍ മരുന്നുകളുടെ ദൗര്‍ലഭ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ജി) പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കാലടി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം</u>

2577

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് 24 മണിക്കൂറും പ്രവർത്തിച്ചിരുന്ന അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും കുറവുമൂലം 8 മണിക്കൂറാക്കി കുറച്ചതിനാൽ ദിനംപ്രതി ആശുപത്രിയിലെത്തുന്ന ആയിരക്കണക്കിനു വരുന്ന സാധാരണക്കാരായ രോഗികൾക്ക് കഷ്ടപ്പാടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

**പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ ആർ. ഒ. പ്ലാന്റും, സ്വീവേജ് പ്ലാന്റും സ്ഥാപിക്കൽ**

2578 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ച ആർ. ഒ. പ്ലാന്റും, സ്വീവേജ് പ്ലാന്റും സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ ഗ്രൗണ്ട് പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>നെടുങ്ങോലം ഗവൺമെന്റ് താലൂക്ക് ആശുപത്രി</u>
<u>കോമ്പൗണ്ടിലെ വെയർഹൗസ് നിർമ്മാണം</u>

2579 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ നെടുങ്ങോലം ഗവൺമെന്റ് താലൂക്ക് ആശുപത്രി കോമ്പൗണ്ടിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വെയർഹൗസ് നിർമ്മാണത്തിന് എത്ര ലക്ഷം രൂപ എന്നാണ് അനുവദിച്ചതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിൽ തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(സി) ഏത് ഏജൻസിയെയാണ് കെട്ടിട നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത് ; എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിക്കും ;

(ഡി) കെട്ടിട നിർമ്മാണം വൈകുന്നത് ഉദ്യോഗസ്ഥതല വീഴ്ച കൊണ്ടാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ബേപ്പൂർ ഹയർ സെക്കന്ററി സ്കൂളിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ നിയമനം</u>

2580 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ ഹയർ സെക്കന്ററി സ്കൂളിൽ ആരോഗ്യ പദ്ധതിയുടെ ഭാഗമായി സ്ഥിരം ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സിനെ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**19.12.2012-ലെ മറുപടിക്ക്**

<u>തൃക്കാക്കര പി. എച്ച്. സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി</u>

2581 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര പി. എച്ച്. സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

ആയൂർവ്വേദ കോളേജ് ആശുപത്രികളിലെ
ചികിത്സാ സൗകര്യങ്ങൾ

2582 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യപ്പെടുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് മാത്രമേ സൗജന്യ ചികിത്സ നൽകുന്നുളളൂവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യപ്പെടുന്ന എ.പി.എൽ/ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന 1500 രൂപ വരെ വരുമാനമുളള രോഗികൾക്ക് ലഭ്യമാകുന്നതുപോലെയുളള സൗജന്യ ചികിത്സ ആയുർവ്വേദ ആശുപത്രികളിലെത്തുന്ന രോഗികൾക്കും നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ഔഷധ സസ്യത്തോട്ട പദ്ധതി

2583 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വര്‍ക്കല കഹാര്‍
,, സി. പി. മുഹമ്മദ്
,, പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്കൂളുകളില്‍ നടത്തിവരുന്ന ഔഷധ സസ്യത്തോട്ട പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലെ സ്കൂളുകളില്‍ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ഏത് ഏജന്‍സികളുടെ ആഭിമുഖ്യത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ;

(ഡി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>ആയുർവേദ ഹോളിസ്റ്റിക് സെന്ററുകൾ</u>

2584 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജീവിത ശൈലീരോഗപ്രതിരോധത്തിനും, ചികിത്സയ്ക്കുമായി ഭാരതീയ ചികിത്സാ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇതിനായി ആയുർവേദ ഹോളിസ്റ്റിക് സെന്ററുകൾ എല്ലാ താലൂക്ക് ആയുർവേദ ആശുപത്രികളിലും ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പൂജപ്പുര ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ</u>

2585 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദ മേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ഏക ആശുപത്രിയായ പൂജപ്പുരയിലെ ആശുപത്രിയിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം നടപ്പിലാക്കിയതും, ഇപ്പോൾ പുരോഗതിയിലുള്ളതുമായ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഇപ്പോൾ നിർമ്മിച്ചു കൊണ്ടിരിക്കുന്ന കെട്ടിടം എന്നത്തേക്കു പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്നു വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

മിലിട്ടറിയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് ആയുർവേദ ചികിത്സ ലഭ്യമാക്കുവാൻ നടപടി

2586 ശ്രീ. കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിലിട്ടറിയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് ഇപ്പോൾ അലോപ്പതി ചികിൽസ മാത്രമാണ് ലഭിക്കുന്നത്. ആയുർവേദ ചികിത്സ കൂടി ജവാൻമാർക്കും ആർമിയിലെ ഇതര ജീവനക്കാർക്കും നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ;

(ബി) ആയുർവേദ ചികിത്സയുടെ കേന്ദ്രസ്ഥാനങ്ങളിൽ ഒന്ന് നമ്മുടെ സംസ്ഥാനമായതിനാൽ വ്യോമസേന, നാവിക സേന, കരസേന എന്നിവയിൽ സേവനമുഷ്ഠിക്കുന്ന എല്ലാവർക്കും ഈ ചികിത്സയുടെ ഗുണം ലഭിക്കുവാൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ഹോമിയോ, ആയുർവേദ ഡിസ്പെൻസറികളോ ആശുപത്രികളോ ഇല്ലാത്ത പഞ്ചായത്തുകൾ</u>

2587

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോമിയോ, ആയുർവേദ ഡിസ്പെൻസറികളോ ആശുപത്രികളോ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ടെന്നും പഞ്ചായത്തിന്റെ പേരുവിവരവും വ്യക്തമാക്കുമോ;

(ബി) ഇത്തരം പഞ്ചായത്തുകളിൽ ഹോമിയോ, ആയുർവേദ ആശുപത്രികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ ഉപദേശക സമിതി തെരഞ്ഞെടുപ്പ്

2588 ശ്രീമതി. പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ പുതുക്കിയ നിയമാവലി പ്രകാരം ഉപദേശക സമിതികളുടെ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) ഇതുപ്രകാരം ഭക്തജനങ്ങൾ രജിസ്റ്റർ ചെയ്ത വകയിൽ ദേവസ്വം ബോർഡിന് എന്തു തുക ലഭിച്ചിട്ടുണ്ട് ;

(സി) ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ വാർഷിക അറ്റകുറ്റപ്പണികൾ ഉപദേശക സമിതി നിർവ്വഹിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ ; അതിന് ദേവസ്വം ബോർഡിൽ നിന്നും സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ശബരിമല സീറോവേസ്റ്റ് പദ്ധതി</u>

2589 ശ്രീ. ഇ.പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, പുരുഷൻ കടലുണ്ടി
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ശബരിമല സീറോവേസ്റ്റ് പദ്ധതിക്കായി ഇതുവരെയായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും ആയതിന്റെ പ്രവർത്തന പുരോഗതിയും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

ശബരിമലനട വരുമാനം

2590 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡലകാലത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ദേവസ്വം മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതിനകം എത്രയോഗങ്ങൾ നടന്നെന്നും, എന്നൊക്കെയായിരുന്നെന്നും പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങളെന്തായിരുന്നെന്നും വിശദമാക്കാമോ ;

(ബി) കഴിഞ്ഞ 5 വർഷത്തെ ശബരിമലനട വരുമാനം സംബന്ധിച്ച പട്ടിക വെളിപ്പെടുത്തുമോ ;

(സി) നിലവിൽ നടവരുമാനം കുറയാനിടയായ സാഹചര്യം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ശബരിമലയുമായി ബന്ധപ്പെട്ട ലേലം

2591 ശ്രീ. ആർ. രാജേഷ്
,, പുരുഷൻ കടലുണ്ടി
,, എസ്. രാജേന്ദ്രൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തേക്കാൾ വളരെ കുറഞ്ഞ തുകയ്ക്ക് ശബരിമലയുമായി ബന്ധപ്പെട്ട വിവിധ ലേലങ്ങൾ ഉറപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിരുന്നോ; വിശദാംശം നൽകുമോ;

(സി) നിലവിലുള്ള നിയമങ്ങളും മാനദണ്ഡങ്ങളും പാലിക്കാതെയാണ് ലേല നടപടികൾ പൂർത്തിയാക്കിയതെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിരുന്നോ; എങ്കിൽ കണ്ടെത്തലുകൾ എന്തെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ശബരിമല തീർത്ഥാടകർക്കുണ്ടായ ബുദ്ധിമുട്ടുകൾ

2592 ശ്രീ. പി.കെ. ഗുരുദാസൻ
,, വി. ശിവൻകുട്ടി
,, കെ.കെ. നാരായണൻ
,, കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല സീസൺ ആരംഭിച്ചിട്ടും അടിസ്ഥാന വികസനം ഒരുക്കുന്നതിൽ ദേവസ്വം ബോർഡ് പരാജയപ്പെട്ടതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം, തീർത്ഥാടകർക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻവർഷങ്ങളിൽ ഉത്സവ സീസൺ ആരംഭിക്കുന്നതിന് മുമ്പുതന്നെ വൈദ്യുതി, കുടിവെള്ളം, വൈദ്യസഹായം, സുരക്ഷിതത്വം എന്നിവയിൽ മുൻകരുതൻ എടുത്തിട്ടുള്ളത് വിലയിരുത്തിയിരുന്നോ;

(സി) ഈ സീസണിൽ വൈദ്യുതി തകരാറുണ്ടാകില്ലായെന്ന മുഖ്യമന്ത്രിയുടെ ഉറപ്പ് പാലിക്കാൻ കഴിയാതെ വന്നതും മണിക്കൂറുകൾ തുടർച്ചയായി വൈദ്യുതി തടസ്സം ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>മലബാർ ദേവസ്വം ബോർഡിൽ ജീവനക്കാരുടെ ഒഴിവുകൾ</u>

2593 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിൽ ജീവനക്കാരുടെ ഒഴിവുകൾ നികത്താതെ കിടക്കുന്നത് മൂലം ബോർഡിന്റെ പ്രവർത്തനങ്ങൾ വേണ്ടവിധം നടക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ക്ഷേത്രകലകൾ അഭ്യസിപ്പിക്കുന്നതിന് പദ്ധതി

2594 ശ്രീ. റ്റി. വി രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേത്ര കലകൾ അഭ്യസിപ്പിക്കുന്നതിന് ഒരു പദ്ധതി നടപ്പിലാക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ അതിനായി എത്ര രൂപ നീക്കിവെച്ചിട്ടുണ്ടായിരുന്നു; അതിൽ ഇതുവരെ എത്ര തുകയാണ് ചെലവഴിച്ചത്;

(സി) മാടായി തിരുവർക്കാട് കാവിൽ ക്ഷേത്രകലാ അക്കാഡമി സ്ഥാപിക്കുമെന്ന പ്രഖ്യാപനവും നടപ്പാക്കിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ക്ഷേത്രകലാ അക്കാഡമിയുടെ കോഴ്സുകൾ 2012 സെപ്തംബറിൽ ആരംഭിക്കുമെന്ന് നൽകിയ ഉറപ്പ് ഇതുവരെ നടപ്പാക്കാതിരുന്നത് എന്തുകൊണ്ടാണ്;

(ഇ) ക്ഷേത്ര കലാ അക്കാഡമി ആരംഭിക്കാനാവശ്യമായ അടിയന്തിര നടപടി കൈക്കൊളളാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

മലബാർ മേഖലയിലെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം

2595 ശ്രീ. എ പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ ക്ഷേത്രങ്ങൾ പുനരുദ്ധാരണം നടത്താത്തതിനാൽ തകർച്ച നേരിടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ദേവസ്വം ബോർഡ് ഇതിനായി എത്ര തുകവീതമാണ് 2010-11 ലും 2011-12 ലും നീക്കിവെച്ചിരുന്നത്;

(സി) ഇതിൽ ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) ക്ഷേത്രക്കുളങ്ങൾ സംരക്ഷിക്കുന്നതിനായി പ്രസ്തുത കാലയളവിൽ എത്ര തുക നീക്കിവെച്ചിട്ടുണ്ടായിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

മാടായിക്കാവ് ക്ഷേത്രത്തിലെത്തുന്നവരുടെ താമസസൗകര്യം വര്‍ദ്ധിപ്പിക്കുന്നതിന് നടപടി

2596 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ തിരുവര്‍ക്കാട്ട് കാവ്(മാടായിക്കാവ്) ക്ഷേത്രത്തിലേക്കുളള തീര്‍ത്ഥാടകരുടെ എണ്ണത്തിലുണ്ടായ വര്‍ദ്ധനവും സൗകര്യക്കുറവും പരിഗണിച്ച് താമസസൗകര്യത്തിന് നിലവിലുളള വരദായനി കെട്ടിടം റിപ്പയര്‍ ചെയ്യുന്നതിനും അതിനുമുകളില്‍ ഡോര്‍മെറ്ററി നിര്‍മ്മിക്കുന്നതിനും ഉളള നിര്‍ദ്ദേശങ്ങള്‍ നടപ്പിലാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഡോര്‍മെറ്ററി നിര്‍മ്മിക്കുന്നതിന് ദേവസ്വം ബോര്‍ഡിന് നിര്‍ദ്ദേശം നല്കുന്നതിനും സൗകര്യം വര്‍ദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?